പുറമെ 26-6-2012-ലെ 4895/എ.ആർ. 12(1)/2012/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം ഇനിയും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാനുള്ള സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പൊതുഭരണവകുപ്പിലെ ജോലിഭാരം

11 (1714) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൊതുഭരണ വകുപ്പിലെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ആയതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിച്ച് ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുമോ ?

ഉത്തരം

പൊതുഭരണ വകുപ്പിൽ പ്രവൃത്തി പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിലെ വിനോദസഞ്ചാരം, പൊതുവിദ്യാഭ്യാസം, നോർക്ക, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

സേവനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിലെ കാര്യക്ഷമത

12 (1715) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ അത് കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) അതിലെ വീഴ്ചകൾ പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 2015 മേയ് മാസത്തോടുകൂടി വിലയിരുത്തൽ നടത്തുന്നത് അനുയോജ്യമായിരിക്കുമെന്ന് ഐ.എം.ജി. ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. അതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എൻ.ഐ.സി.-യുടെ സഹകരണത്തോടുകൂടി ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ സേവനാവകാശ നിയമത്തിന്റെ ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് ഐ.എം.ജി. ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) കേരള സംസ്ഥാന സേവനാവകാശനിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 2145/ഏ.ആർ./12(1)/12/ഉ.ഭ.പ.വ. 20-12-2012-ലെ 14944/ഏ.ആർ /12(1)/12/ഉ.ഭ.പ.വ. 4-10-2013-ലെ 16203/ ഏ.ആർ. 12(1)/13/ ഉ.ഭ.പ.വ എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കും കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ-1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21/10-2014-ലെ സർക്കുലർ നമ്പർ. 16203/ഏ.ആർ. 12(1)/13/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനു വേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ, അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/എ.ആർ. 12(1)/2013/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്.

മൊബൈൽഫോൺ കണക്ഷൻ

13 (1716) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ പേരിൽ മൊബൈൽ ഫോൺ കണക്ഷൻ ഉണ്ടോ ?

ഉത്തരം

മുഖ്യമന്ത്രിയുടെ ഔദ്യോഗിക ഉപയോഗത്തിനായി 9447033333 എന്ന നമ്പറിൽ ഒരു മൊബൈൽഫോൺ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഭരണരംഗത്തെ പിഴവുകൾ

14 (1717) ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണരംഗത്തെ പിഴവുകൾ തിരുത്താൻ പ്രത്യേക പരിപാടി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പിഴവുകൾ കണ്ടെത്തിയത് ഏത് നിലയിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ ഭാഗമായി ഇതിനോടകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ജനങ്ങൾക്ക് വിവിധ ഘട്ടങ്ങളിൽ നൽകിയതും നടപ്പിലാക്കിയിട്ടില്ലാത്തതുമായ ഉറപ്പുകൾ പാലിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) അഴിമതിക്കെതിരായ നടപടികൾ ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly